"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പ്

ഫോൺ നമ്പർ : 0471 251 8544

ഇ-മെയിൽ : soserviced@gmail.com

നമ്പർ.എസ്.ഡി.2/44/2024-പൊ.ഭ.വ 06-02-2026,തിരുവനന്തപുരം

പ്രേഷകൻ,

സെക്രട്ടറി

സ്വീകർത്താവ്,

എല്ലാ വകുപ്പ് മേധാവികൾക്കും

സർ,

വിഷയം:- സമാശ്വാസ തൊഴിൽദാന പദ്ധതി - സ്പഷ്ടീകരണം - ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്

സൂചന:- 1) 24.05.1999-ലെ സ.ഉ.(പി) നം.12/1999/പി.&എ.ആർ.ഡി ഉത്തരവ്

2) 29.03.2025 ലെ സ.ഉ(അ) 4/2025/പി&.എ.ആർ.ഡി

3) 09-11-2025 ലെ സ.ഉ.(അച്ചടി) നം.15/2025/P&ARD

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന (2) ഉത്തരവ് പ്രകാരംആശ്രിത നിയമനത്തിനായി മാറ്റി വയ്ക്കുന്ന ഒഴിവുകൾ ബന്ധപ്പെട്ട നിയമനാധികാരികൾ പൊതുഭരണ (സർവ്വീസസ് - ഡി) വകുപ്പിൽ ഓൺലൈൻ സംവിധാനം മുഖേന റിപ്പോർട്ട് ചെയ്യേണ്ടതാണ്. നേരിട്ടുള്ള നിയമനത്തിനായി മാറ്റി വച്ചിട്ടുള്ള ഒഴിവുകളിൽ, ആശ്രിത നിയമനത്തിനായി കണ്ടെത്തിയിട്ടുള്ള തസ്തികകളിലെ നിയമനം ജില്ലാതലത്തിലാണെങ്കിലും സംസ്ഥാന തലത്തിലാണെങ്കിലും ഓരോ 16 -ാമത്തെ ഒഴിവും ആശ്രിത നിയമനം വഴി നികത്തേണ്ടതാണ് എന്നും, പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പ് അനുവദിച്ചു നൽകുന്ന ഒഴിവുകളിലേക്ക് മാത്രമേ ഭരണ വകുപ്പുകൾ നിയമനാനുമതി നൽകാൻ പാടുള്ളൂ എന്നും, ഭരണ വകുപ്പുകൾ ഒഴിവുകൾ കണ്ടുപിടിച്ച് സ്വമേധയാ നിയമനാനുമതി നൽകാൻ പാടുള്ളതല്ലായെന്നും വ്യക്തമാക്കുന്നു.

ആശ്രിത നിയമന നടപടികൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സൂചന (2) ഉത്തരവിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി സൂചന (3) പ്രകാരം സ്പഷ്ടീകരണ

ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിലെ ഖണ്ഡിക I(4) പ്രകാരം, ഇതിനോടകം നിയമനാനുമതി നൽകിയതോ അർഹത നിശ്ചയിച്ചതോ ആയ കേസുകളിൽ പുതിയ സോഫ്റ്റ്‌വെയർ അധിഷ്ഠിത ഏകീകൃത സംവിധാനം നിലവിൽ വരുന്നതുവരെയോ അല്ലെങ്കിൽ 31.12.2025 വരെയോ (ഏതാണോ ആദ്യം സംഭവിക്കുന്നത് അതുവരെ), 24.05.1999-ലെ സൂചന (1) ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം ആശ്രിത നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ അതാത് ഭരണ വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഇതുപ്രകാരം, 31.12.2025-വരെ റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളിൽ ബന്ധപ്പെട്ട ഭരണവകുപ്പുകൾക്ക് നേരിട്ട് നിയമന നടപടികൾ സ്വീകരിക്കാവുന്നതാണ്. എന്നാൽ, നിയമനാനുമതി ലഭിച്ചിട്ടും പ്രസ്തുത തീയതിക്കുള്ളിൽ സ്വന്തം വകുപ്പിൽ നിയമനം ലഭിക്കാതെ മുൻഗണനാ പട്ടികയിൽ തുടരുന്ന മുഴുവൻ അപേക്ഷകരുടെയും വിശദാംശങ്ങൾ അതാത് ഭരണ വകുപ്പുകൾ മുഖേന പൊതുഭരണ (സർവീസസ്-ഡി) വകുപ്പിൽ സൂചന (2) ഉത്തരവിലെ പ്രൊഫോർമ-ബി പ്രകാരം നിർബന്ധമായും രജിസ്റ്റർ ചെയ്യേണ്ടതാണ്.

31.12.2025-ന് ശേഷമുള്ള ആശ്രിത നിയമന ഒഴിവുകൾ നിയമനാധികാരികൾ നേരിട്ട് പൊതുഭരണ (സർവീസസ്-ഡി) വകുപ്പിലേക്കാണ് റിപ്പോർട്ട് ചെയ്യേണ്ടത്. സോഫ്റ്റ്‌വെയർ സംവിധാനം നിലവിൽ വരുന്നത് വരെ ഇത്തരം ഒഴിവുകൾ തപാൽ വഴിയോ ഇ-മെയിൽ മുഖേനയോ അറിയിക്കാവുന്നതാണ്. 31.12.2025 തീയതിക്ക് ശേഷമുള്ള ഓരോ 16 -ാമത്തെ ഒഴിവുകളിൽ യാതൊരു കാരണവശാലും വകുപ്പുകൾ സ്വമേധയാ നിയമനം നൽകാൻ പാടുള്ളതല്ലെന്നും ഇതിനാൽ അറിയിക്കുന്നു.

വിശ്വസ്തതയോടെ,

സുധ .ബി

അഡിഷണൽ സെക്രട്ടറി

സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

Signed by
Badusha S
Date: 06-02-2026 15:27:57

സെക്ഷൻ ഓഫീസർ.